# നോമ്പുകാലം

## വചന വിചിന്തനം

### മൂന്നാം ഞായർ

### മത്താ 20,17-28

***"വിനയമാണ് വിജയത്തിന്റെ മൂലക്കല്ലെന്ന് തിരിച്ചറിയാത്തവർ കുരിശിൽനിന്ന് തെന്നിമാറുകയാണ്!"***

കുട്ടിയായിരിക്കുമ്പോൾ കേട്ടിരിക്കുന്ന ഏറ്റവും രസകരമായ സംഭവങ്ങളിലൊന്ന് ഇപ്രകാരമാണ്. ഇത് ഈ നൂറ്റാണ്ടിലെ സംഭവമാണ്. വീട്ടിൽ ഒരുപാട് മക്കളൊന്നുമില്ല. രണ്ട് പേർ. അത് രണ്ടും ആൺകുട്ടികൾ. മൂത്തവൻ പിടിവാശിക്കാരനാണ്. എപ്പോഴും ജയിക്കണം എന്നതാണ് അവന്റെ ചിന്ത. എന്നാൽ, രണ്ടാമത്തവൻ പാവമാണ്. അതുകൊണ്ടു തന്നെ എപ്പോഴും ചേട്ടൻ അനിയനെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. കഴിക്കുമ്പോഴും കളിക്കുമ്പോഴും ചേട്ടന് നല്ല പങ്ക് വേണം. അത് ചേട്ടന്റെ നിർബന്ധമാണ്. ഇല്ലെങ്കിൽ, ഇടിയായ്...കുത്തായ്...ചവിട്ടായ്...

ഒരു ഒഴിവ് ദിവസം രാവിലെ മുതൽ ചേട്ടനും അനിയനും കൂടി കളിയാരംഭിച്ചു. ഒളിച്ചുക്കളി...കള്ളനും പോലീസും...കാർഡ് കളി... ഇങ്ങനെ പോകുന്നു കളികളുടെ ലിസ്റ്റ്. അവസാനം ചേട്ടൻ പറഞ്ഞു, "ഇനി നമുക്ക് പുതിയ ഒരു കളി കളിക്കാം. അച്ചനും കപ്യാരും" പുതിയ കളിയെന്നു പറഞ്ഞപ്പോൾ തന്നെ അനിയന് വളരെ സന്തോഷമായി. കാരണം, മറ്റെല്ലാ കളികളും കളിച്ച് അനിയന് 'ബോറഡിച്ച്' ഇരിക്കുകയായിരുന്നു. എല്ലായിപ്പോഴും ചേട്ടന് മാത്രമാണ് നല്ല വേഷങ്ങൾ കിട്ടുറ്. ചേട്ടൻ തന്നെയാണ് കള്ളനും പോലീസിലും എപ്പോഴും പോലീസ്. ഒളിച്ചുകളിയിൽ എല്ലായിപ്പോഴും അനിയൻ എണ്ണണം. ചേട്ടൻ ഒളിക്കും. ഇതിനൊരു അറുതി വരുത്തണം. അനിയൻ വിചാരിച്ചു.

ഈശോയുടെ ശിഷ്യരും ഞാനും തമ്മിൽ വലിയ അന്തരം ഒന്നുമില്ല! കാരണം, ഈശോ തന്റെ സഹനങ്ങളെ കുറിച്ച് പറഞ്ഞപ്പോഴും അവർ തർക്കിച്ചത്, 'ആരാകും മന്ത്രി?' എന്നതിനെ കുറിച്ചാണ്...

തഞ്ചത്തിൽ അനിയൻ ചേട്ടന്റെ അടുത്ത് ചെന്നുനിന്നു. ചേട്ടൻ പുതിയ കളിയെക്കുറിച്ചുള്ള വിവരണങ്ങൾ നൽകി. അച്ചനും കപ്യാരും കളിക്കുന്നതിനുള്ള സാധനസാമഗ്രഹികൾ അടുപ്പിച്ചു. എല്ലാ കഴിഞ്ഞപ്പോൾ, അനിയൻ ചേട്ടനോട് പറഞ്ഞു, "ചേട്ടനല്ലേ എല്ലാ കളിയിലും നല്ല സ്ഥാനങ്ങൾ എടുക്കാറ്? ഈ കളിയിൽ ഞാൻ അച്ചനാകാം. ചേട്ടൻ കപ്യാർ ആയിക്കോ!" ഇത് കേട്ട ചേട്ടൻ തരിച്ചുനിന്നുപോയ്. കാരണം, ചേട്ടന് ഒരിക്കലും ചിന്തിക്കാൻ പറ്റുന്നതിന്റെ അപ്പുറത്തായിരുന്നു ഇത്. 'ഞാഞ്ഞൂലും തലപൊക്കിയിരിക്കുന്നു!' ചേട്ടൻ കുറച്ച് നേരം ചിന്തിച്ച് നിന്നു. എന്നിട്ട് പറഞ്ഞു,

"ശരി നീ അച്ചനായിക്കോ. പക്ഷെ, കളിയിൽ ഒരൽപ്പം വ്യത്യാസം ഉണ്ടാകും. നീ അച്ചനാണെങ്കിൽ ഞാൻ മെത്രാൻ!" അനിയന്റെ കണ്ണു തള്ളിപ്പോയ്...

ഒന്നാമനാകാനും വലിയവനാകാനും പ്രഥമസ്ഥാനങ്ങൾ കരസ്ഥാക്കാനും എന്നും തർക്കമാണ്. ഇതിന് ചരിത്രത്തിന്റെ പഴക്കമുണ്ട്. രാഷ്ട്രങ്ങൾ തമ്മിലും ഗോത്രങ്ങൾ തമ്മിലും കുടുംബങ്ങൾ തമ്മിലും, എന്തിനേറെ, വ്യക്തികൾ തമ്മിലും വടിവാളും വെട്ടുക്കത്തിയുമെടുത്ത് പോരാടിയിട്ടുണ്ടെങ്കിൽ അതിനുള്ള പ്രധാനപ്പെട്ട കാരണം അധികാരം തന്നെയാണ്. "ഞാനാണോ അതോ അവനാണോ വലുത്?" എല്ലാ പ്രശ്നങ്ങളുടെയും കേന്ദ്രം 'ആരുടെ അധികാരമാണ് വലുത്?' എന്നതുതന്നെയാണ്. ഇവിടെയാണ് ക്രിസ്തു പറഞ്ഞു വയ്ക്കുന്നത്; "വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും, ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം" (മത്താ 20,27)

വചനത്തിന്റെ വരികൾക്കിടയിലൂടെ വായിച്ചാൽ ഒന്നു മനസിലാകും, 'അധികാരം ശുശ്രൂഷയ്ക്കാണെന്നും, ശുശ്രൂഷ സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും പ്രതിഫനലനമാണ്' എന്നുള്ള വലിയ ചിന്തയാണ് ക്രിസ്തു ഇവിടെ പങ്കു വയ്ക്കുന്ന

ത്. അധികാരം നമുക്ക് പലപ്പോഴും അടിച്ചമർത്തുന്നതിനുള്ള മാധ്യമമാണ്. എന്നാൽ, ക്രിസ്തുവിന്റെ കാഴ്ച്ചപ്പാടിൽ, "അധികാരം ശുശ്രൂഷയ്ക്കുവേണ്ടിയാണ്." അതുകൊണ്ടുതന്നെയാണ് രക്ഷകനും ഗുരുമായവൻ തന്റെ അന്ത്യത്താഴ വേളയിൽ മേലങ്കി അഴിച്ച് അരകച്ചയാക്കി തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകി തുടച്ച് 'മുത്തം' സമ്മാനിച്ചത്. ക്രിസ്തു പ്രസംഗിക്കുകമാത്രമല്ല, മറിച്ച്, ജീവിതം കൊണ്ട് കാണിച്ചു തരികയാണ് 'അധികാരം ശുശ്രൂഷയ്ക്ക് വേണ്ടിയാണെന്ന്.'

എല്ലാവർക്കും വലുതാകാനാണ് താൽപര്യം. ജ്ഞാനപാനയിൽ പൂന്താനം പറയുന്നതുപോലെ, 'പത്തു കിട്ടീടുകിൽ നൂറും; നൂറു കിട്ടീടുകിൽ ആയിരവും; ആയിരം കിട്ടീടുകിൽ പതിനായിരവും; പതിനായിരം കിട്ടീടുകിൽ ലക്ഷവുമാക്കീടാനാണ് താത്പര്യം!' രാജാവിന് ചക്രവർത്തിയാകണം, മന്ത്രിക്ക് രാജാവാകണം, അടിയാന് മന്ത്രിയാകണം, പഞ്ചായത്ത് പ്രസിഡന്റിന് കുറഞ്ഞത് എം.എൽ.എയെങ്കിലും ആകണം. എന്തിനേറെ, ഞായറാഴ്ച്ച കുർബ്ബാനയ്ക്ക് പുറകിൽ നിൽക്കുന്ന കുട്ടികളെല്ലാം മുന്നിലേയ്ക്ക് കയറിനിൽക്കാൻ പറഞ്ഞാൽ അവർ ഒന്നുകൂടി പുറകിലേയ്ക്ക് ഇറങ്ങി നിൽക്കും. കാരണം, ചെറുതാകാൻ ആർക്കും ഇഷ്ടമില്ല! ഇവിടെയാണ് ക്രിസ്തു പറഞ്ഞു വയ്ക്കുന്നത്; ''വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും, ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം" (മത്താ 20,27).

> കുരിശിന്റെ രക്ഷയെ കുറിച്ച് ക്രിസ്തു വാചാലനാകുമ്പോൾ ശിഷ്യർ സ്വപ്നം കാണുന്നത് അധികാരം കയ്യാളുന്നതിനെ കുറിച്ചാണ്. അധികാരം, അതൊരു കുരിശാണ്! രക്ഷയ്ക്ക് കാരണമാക്കേണ്ട കുരിശ്...

ഈ അടുത്ത ദിവസം 'ഫെയ്സ്ബുക്ക്' തുറന്നപ്പോൾ 'യൂ-ട്യൂബിൽ' നിന്ന് ഷെയർ ചെയ്യപ്പെട്ടിരിക്കുന്ന ഒരു വീഡിയോ കണ്ടു. ഏറെ നാളായി കാണണം എന്നാഗ്രഹിച്ചിരുന്ന ഒരു വീഡിയോ ആയിരുന്നു അത്. കാരണം, പല പ്രാവശ്യം ഇതിനെ കുറിച്ചുള്ള പ്രസംഗങ്ങളും വിവരണങ്ങളും ഒരു പാട് കേട്ടിരിക്കുന്നു. ഇതിവൃത്തം കുട്ടികൾക്കുവേണ്ടിയുള്ള ഒട്ടമത്സരമാണ്. ഏറ്റവും വാശിനിറഞ്ഞ 50 മീറ്റർ ഓട്ട മത്സരത്തിനുള്ള വിസിൽ മുഴങ്ങി. കുട്ടികളെല്ലാം ആവേശത്തോടുകൂടി ഓടുകയാണ്. കുറച്ചു ചെന്നപ്പോൾ അതിൽ നിന്ന് ഒരാൾ കാലിടറി നിലത്ത് വീഴുകയാണ്. അവൻ നിലത്ത് കിടന്ന് ചെറിയവായിൽ വല്ല്യ കരച്ചിലാണ്. ഓട്ടത്തിൽ ഒന്നാം സ്ഥാനത്തേയ്ക്ക് കുതിച്ചുകൊണ്ടിരുന്നവന്റെ കാതിൽ അവന്റെ വല്യ കരച്ചിൽ വന്ന് പതിച്ചപ്പോൾ അവൻ തിരിഞ്ഞു നോക്കി. തന്റെ കൂടെ ഓടിയിരുന്ന ഒരാൾ ട്രാക്കിൽ വീണ് കിടന്നു കരയുന്നു. അവൻ ഓട്ടം അവസാനിപ്പിച്ചു. അവൻ തന്റെ കൂട്ടുക്കാരന്റെ അടുത്തേയ്ക്ക് തിരിഞ്ഞോടുകയാണ്. ഒന്നാമതെത്തേണ്ടവൻ തിരിഞ്ഞോടുമ്പോൾ കൂടെ ഓടിയവരെല്ലാം അവന്റെ കൂടെ കൂടുകയാണ്. അവർ ചെന്ന് വിണുകിടക്കുന്നവനെ എഴുനേൽപ്പിച്ചു. അവന്റെ ദേഹത്ത് പറ്റിയിരുന്ന പൊടിയെല്ലാം തട്ടി കളഞ്ഞു. അതിനുശേഷം ആറുപേരും ഒരുമിച്ച് കൈകൾ കോർത്ത് 'ഫിനിഷിംഗ് പോയന്റ്' ഓടി കടക്കുകയാണ്. എല്ലാവരും ഒന്നാമതായി 'ഫിനിഷ്' ചെയ്യുന്നു. ഇത് കണ്ടപ്പോൾ അറിയാതെ എഴുന്നേറ്റ് നിന്ന് കൈകൾ അടിച്ചുപ്പോയി.

നമുക്കില്ലാത്ത വലിയ ഒരു ചിന്ത കുട്ടികൾ സമ്മാനിക്കുകയാണ്, "എനിക്ക് ജയിക്കാൻ മറ്റുള്ളവരെ തോൽപ്പിക്കണമെന്നില്ല!" "മറ്റുള്ളവരെ ജയിപ്പിച്ചുക്കൊണ്ടും എനിക്ക് ജയിക്കാം" എന്നുള്ള വലിയ കാഴ്ച്ചപ്പാട്. ഇവിടെയാണ് ഞാനും ക്രിസ്തുവും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നത്. പാപത്തിനുമുമ്പിൽ തോൽവി സമ്മതിച്ച മനുഷ്യനെ ജയിപ്പിക്കാനായി ലോകത്തെ ജയിക്കുന്ന ക്രിസ്തു. അവന്റെ ജയം മറ്റുള്ളവർക്കു വേണ്ടിയാണ്. ജയങ്ങളെല്ലാം മറ്റുള്ളവർക്കു വേണ്ടിയാകുമ്പോഴാണ് വിജയം സമ്മാനിക്കുന്ന ആത്മനിവൃതി സാധ്യമാകുന്നത്. ഇവിടെ സെബദിപുത്രൻമാരുടെ അമ്മയുടെ പ്രാർത്ഥനാനിയോഗം എന്താണ്? "മറ്റുള്ളവരുടെ മേൽ അധികാരം സ്ഥാപിക്കുന്നതിനുവേണ്ടി എന്റെ രണ്ടു മക്കളിൽ ഒരാളെ വലത്തും അപരനെ ഇടത്തും ഇരുത്തണമേ എന്നുള്ളതാണ്" ഇനിനെയാണ് ക്രിസ്തു വിമർശിക്കുന്നത്. "ഗുരോ, അങ്ങയുടെ ശിഷ്യരെ അങ്ങയുടെ മഹത്വത്തിൽ ഇടത്തും വലത്തും ഇരുത്തണമേ..." സെബദിപുത്രൻമാരുടെ അമ്മയുടെ പ്രാർത്ഥന ഒരുപക്ഷെ ഇപ്രകാരമായിരുന്നെങ്കിൽ... ഇപ്രകാരമായിരുന്നു പ്രാർത്ഥന

യെങ്കിൽ ദൈവം കേൾക്കുമായിരുന്നു. കാരണം, അവൾ ഒരിക്കലും ക്രിസ്തുവിൽ നിന്ന് അനുഗ്രഹം യാജിക്കാൻ വന്നതല്ല. മറിച്ച്, ക്രിസ്തുവിനെ പ്രണമിക്കുമ്പോൾ ക്രിസ്തു തന്നെയാണ് അവളുടെ അടുത്ത് ചോദിക്കുന്നത്, "നിനക്ക് എന്താണ് വേണ്ടത്?" (മത്താ 20,21). ഇവിടുത്തെയും പ്രശ്നം സ്വാർത്ഥത തന്നെയാണ്. അതുകൊണ്ട് തന്നെ മനുഷ്യൻ അതിജീവിക്കേണ്ട വലിയ നന്മ എന്നത് "അവന്റെ അഹത്തെ വിജയിക്കാനുള്ള വിശുദ്ധിയാണ്..."

രസകരമായ സംഭവങ്ങളിലൊന്ന്. പള്ളിയിൽ വികാരിയച്ചൻ ഒക്ടോബർ മാസത്തോടനുബന്ധിച്ച് 'മരിയൻ ക്വിസ്' നടത്താൻ തിരുമാനിച്ചു. കുടുംബകൂട്ടായ്മകളിൽ നിന്ന് ഓരോ ടീംമുകൾക്ക് വാശിയേറിയ ഈ മത്സരത്തിൽ പങ്കെടുക്കാം. എന്നാൽ, കുടുംബകൂട്ടായ്മകളിൽ നിന്ന് ആരെ പങ്കെടുപ്പിക്കണം എന്നുള്ള തർക്കം വന്നപ്പോൾ വികാരിയച്ചൻ കുടുംബകൂട്ടായ്മ നേതാക്കളെ വിളിച്ച് പറഞ്ഞു, "ഒരു കാര്യം ചെയ്യ്, ഞാൻ ആദ്യം കുടുംബകൂട്ടായ്മകളിൽ മത്സരം നടത്താം. അതിൽ വിജയിക്കുന്നവരെ 'ഗ്രാന്റ് ഫിനാലെ'യിലേയ്ക്ക് അയച്ചാൽ മതിയെന്ന്. എല്ലാവർക്കും സന്തോഷമായി. യോഗം അവസാനിക്കുന്നതിനു മുമ്പ് വികാരിയച്ചൻ പറഞ്ഞു, "മറിയത്തെ കുറിച്ച് കൂടുതൽ അറിയുക പഠിക്കുക എന്നതാണല്ലോ നാം മരിയൻ ക്വിസിലൂടെ ഉദ്ദേശിക്കുന്നത്. അതിനാൽ എല്ലാവരും 'മറിയത്തിന്റെ സ്തോത്രഗീതം' നിർബന്ധമായും കാണാപാഠം പഠിച്ചിരിക്കണം. അതിനായിരിക്കും 50% മാർക്കെന്ന്." ഇത് കേട്ടപ്പോൾ എല്ലാവർക്കും വലിയ സന്തോഷമായി. കാരണം, 50% മാർക്ക് നേടി കഴിഞ്ഞു. ഇനി 50% കൂടി വാങ്ങിയാൽ പോരെ!

മരിയൻ ക്വിസിന് വേണ്ടിയുള്ള കുടുംബകൂട്ടായ്മകളിൽ നടത്തുന്ന പരീക്ഷയുടെ ദിവസം വന്നു. എല്ലവരും തക്യതിയായ് പഠിച്ച് പരീക്ഷാ ഹാളിലെത്തി. എന്തായാലും, പരീക്ഷയ്ക്ക് വരുമെന്ന് പറഞ്ഞ് നിർബന്ധമായും പഠിക്കണമെന്ന് പറഞ്ഞ, 'മറിയത്തിന്റെ സ്തോത്രഗീതം' തന്നെയായിരുന്നു ഒന്നാമത്തെ ചോദ്യം. പക്ഷെ, പരീക്ഷ കഴിഞ്ഞ് പേപ്പർ നോക്കിയപ്പോഴാണ് വികാരിയച്ചന് കാര്യം മനസിലായത്. 'മറിയത്തിന്റെ സ്തോത്രഗീതം' എന്ന ചോദ്യത്തിന് ഉത്തരം എഴുതിയവർ വളരെ കുറച്ച് മാത്രം. വികാരിയച്ചൻ ആരുടെ അടുത്താണോ 'മറിയത്തിന്റെ സ്തോത്രഗീതം' എന്നത് 50% നത്തിനുള്ള ചേദ്യമായിരിക്കുമെന്ന് പറഞ്ഞോ അവർ മാത്രമാണ് ആ ചോദ്യത്തിന് ഉത്തരം എഴുതിയിരിക്കുന്നത്. അവർ തങ്ങളുടെ കുടുംബകൂട്ടായ്മകളിലുള്ള മറ്റ് വ്യക്തികൾക്ക് ഈ ചോദ്യം പറഞ്ഞുകൊടുത്തില്ല! കാരണം, അവരെങ്ങാനും തങ്ങളെക്കാൾ അധികം പഠിക്കുകയോ 'ഗ്രാന്റ് ഫിനാലയ്ക്ക്' അവസരം നേടുകയെങ്ങാനും ചെയ്താലോ?

മഹാൻമാർ നമ്മളെ ഉപദേശിക്കുന്നു, "ആയിരം പേരെ ആയിരം യുദ്ധങ്ങളിൽ ജയിക്കുന്നതിനേക്കാൾ ഭേതം സ്വയം ജയിക്കുന്നതാണെന്ന്." അഹത്തെയും സ്വർത്ഥതയെയും ജയിക്കാൻ സാധിക്കുന്നില്ലെങ്കിൽ വിജയിക്കാൻ സാധിക്കുകയില്ല. ക്രിസ്തു പറയുന്നത് ശ്രദ്ധിക്കുക, "ഒന്നാമനാകണോ? എല്ലാവരുടെയും ദാസനായിരിക്കുക. വലിയവനാകണോ? എല്ലാവരുടെയും ശുശ്രൂഷകനായിരിക്കുക." അപ്പത്തോളം ചെറുതാകാൻ ആകാശത്തോളം വലുതായവൻ മനുഷ്യനോടുകൂടെ ആയിരിക്കാൻ അപ്പത്തോളം ചെറുതാവുകയും ചെയ്തു.

ചെറുതാകാൻ മനസില്ലാത്തവൻ ഇന്നല്ലെങ്കിൽ നാളെ കൂപ്പുകുത്തുന്നത് വലിയ പരാജയത്തിലേയ്ക്ക് വലിയ ഇടങ്ങളിൽ നിന്നായിരിക്കും. എന്റെ ധാർഷ്ഠ്യവും അഹംകാരവുമാണ് വിജയത്തിലേയ്ക്കുള്ള വലിയ തടസം. കഴിഞ്ഞ ദിവസം ചെരുപ്പു വാങ്ങാൻ പോയതാണ് ചെരുപ്പുകടയിൽ. അപ്പോഴാണ്, ഒരു ചെറുപ്പക്കാരൻ വന്ന് ഏറ്റവും 'ഹീലുള്ള" മരമുട്ടിപോലത്തെ ചെരുപ്പ് വാങ്ങി പോകുന്നത് കണ്ടത്. അന്വേഷിച്ചപ്പോഴാണ് തിരിച്ചറിഞ്ഞത്. ഇത് അവന്റെ കല്ല്യാണത്തിന് വേണ്ടിയാണ്. കെട്ടാൻ പോകുന്ന പെണ്ണിന് അവന്റെ അത്രയ്ക്ക് പൊക്കം ഉണ്ട്. അതിനാൽ, അവളെക്കാൾ രണ്ട് ഇഞ്ച് പൊന്തി നിന്നേക്കാം...!

മക്കളുടെ
സമർപ്പണവീഥിയിൽ
അവരെ ഇടറി
വീഴ്ത്തരുതെ എന്ന്
പ്രാർത്ഥിക്കേണ്ട
അമ്മതന്നെ
മക്കൾക്ക് ഇടർച്ചയ്ക്ക്
കാരണമാകുന്നു.
മക്കൾ വളരുന്നത്
മാതാപിതാക്കളെ
കണ്ടാണ്.
മുന്നിൽനിന്ന്
വഴി നടത്തേണ്ടതും
പിന്നിൽനിന്ന്
താങ്ങാകേണ്ടതും
മാതാപിതാക്കളാണ്!

.......................................................................................................

ഫാ. ജോബി മെനേത്ത് : +91 944 7777 931